No. 55/2021

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
അപ്പോസ്തലിക കാലം മുതൽ കുഞ്ഞുങ്ങളുടെ ആത്മീയ പരിശീലനത്തിനു പരിശുദ്ധ സഭ പ്രാധാന്യം നൽകിയിരുന്നു. പെന്തിക്കോസ്തിക്കുശേഷം പരിശുദ്ധ പത്രോസ് ശ്ലീഹാ നൽകുന്ന പ്രബോധനത്തിൽ "പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ" എന്നു പഠിപ്പിക്കുന്നു. പരിശുദ്ധാത്മ കേന്ദ്രീകൃതമായ ജീവിതം കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുക എന്നത് പരിശുദ്ധ സഭയുടെ ദൗത്യമാണ്. ഈ ദൗത്യമാണ് സൺഡേസ്കൂൾ പ്രസ്ഥാനം പ. സഭയിൽ നിർവഹിക്കുന്നത്.

കോവിഡ് 19 മൂലം സൺഡേസ്കൂൾ പ്രവർത്തനം ക്രമമായി നടത്തുവാൻ സാധിക്കാത്ത സാഹചര്യം തുടരുകയാണ്. സൺഡേസ്കൂൾ ക്ലാസ്സുകളും ഒ.വി.ബി.എസ്. ക്ലാസ്സുകളും ഓൺലൈൻ ആയി നടത്തുവാനുള്ള എല്ലാ പഠനസാമഗ്രികളും കേന്ദ്ര ഓഫീസിൽനിന്ന് ക്രമീകരിച്ചിട്ടുണ്ട്. അതത് യൂണിറ്റുകളുടെ സൗകര്യം അനുസരിച്ച് online/offline ക്ലാസ്സുകൾ ക്രമീകരിക്കണം. OSSAE യുടെ എല്ലാ പാഠഭാഗങ്ങളും ossaebodhanam.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നൂതന വിവരവിനിമയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയും സൺഡേസ്കൂൾ ക്ലാസ്സുകൾ മുടങ്ങാതെ നടത്തുകയും ചെയ്യണം. ഓരോ ഇടവകയിലെയും വികാരിമാരും അദ്ധ്യാപകരും മാതാപിതാക്കളും ഈ പുതിയ ക്രമീകരണവുമായി സഹകരിക്കണം.

കോവിഡ് സാഹചര്യം സൃഷ്ടിക്കുന്ന നിസംഗതയിൽനിന്നും നിരാശയിൽനിന്നും കുട്ടികളെ വീണ്ടെടുത്ത് ദൈവവിശ്വാസത്തിൽ ഉറപ്പിക്കണം. പ്രചോദനവും പ്രത്യാശയും കുഞ്ഞുങ്ങളിൽ ഉണ്ടാകത്തക്കവിധം OSSAE/OVBS ഓൺലൈൻ ക്ലാസ്സുകൾ ഉപയോഗപ്പെടുത്തണം. മഹാമാരിയുടെ വിവിധങ്ങളായ പ്രതിസന്ധികളുടെ മധ്യത്തിലും അനുഗ്രഹകരമായി സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ വികാരിമാരും സൺഡേസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ഈ വർഷം 2021 മെയ് 16-ാം തീയതി ഞായറാഴ്ച സൺഡേസ്കൂൾ ദിനമായി ആചരിക്കണം. അന്നേദിവസം പ്രസ്ഥാനത്തിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും യൂണിറ്റുകളിലെ അദ്ധ്യാപകർ ചെറുസംഘങ്ങളായി ഭവനങ്ങൾ സന്ദർശിച്ച് സൺഡേസ്കൂൾദിന കവർ ശേഖരണം നടത്തുകയും ചെയ്യണം. ഇങ്ങനെ ലഭിക്കുന്ന തുകയും ഇടവകകളിൽ നിന്നുള്ള സംഭാവനയും ചേർത്ത് ഫാ. ഡോ. വർഗീസ് വർഗീസ്, ഡയറക്ടർ ജനറൽ ഒ.എസ്.എസ്.എ.ഇ., ദേവലോകം, കോട്ടയം-4 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ഏപ്രിൽ മാസം 21 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.